അന്വേഷണ വിഷയങ്ങളുടെ പരിധിയിൽ ഉൾപ്പെടുത്തി, ജസ്റ്റിസ് ശിവരാജൻ കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആരോപണവിധേയർ തൽഅധികാരസ്ഥാനങ്ങളിൽ തുടരുന്നത് തെളിവുകൾ നശിപ്പിക്കപ്പെടാൻ ഇതിടയാക്കുമെന്ന കാര്യം വിജിലൻസ് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ജുഡീഷ്യൽ അന്വഷണം നടത്തുന്ന കമ്മീഷൻ, അന്വേഷണ വിഷയങ്ങൾ പുതുക്കുന്നതിനായി കണ്ടെത്തിയ വസ്തുതകൾ ആരോപണ വിധേയരായിട്ടുള്ളവർ ഔദ്യോഗിക സ്ഥാനങ്ങൾ ദുരുപയോഗം ചെയ്യുവെന്ന് പ്രഥമദൃഷ്യാ ശരിവെക്കുന്നുണ്ടോ ;

(ഡി) സർക്കാർ നൽകിയ ടേംസ് ഓഫ് റഫറൻസിൽ മുഖ്യമന്ത്രിയും മുഖ്യമന്ത്രിയുടെ ഓഫീസും ഏതെങ്കിലും മന്ത്രിമാരും ഓഫീസുകളും ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നുവോ; ഇവകൂടി പുതുതായി ഉൾപ്പെടുത്തുന്നത് ഏത് ഘട്ടത്തിലാണെന്നും സാഹചര്യം എന്താണെന്നും അറിയിക്കുമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല):

(എ) ജസ്റ്റീസ് ശിവരാജൻ കമ്മീഷൻ ടേംസ് ഓഫ് റഫറൻസിലെ ഒന്നാമത്തെ ഇനം സംബന്ധിച്ച് വ്യക്തത വരുത്തുകയല്ലാതെ ഏതെങ്കിലും ഒരു പുതിയ വിഷയം അന്വേഷണ കമ്മീഷൻ ഉൾപ്പെടുത്തിയിട്ടില്ല.

(ബി) ഇല്ല.

(സി) ജസ്റ്റീസ് ജി. ശിവരാജൻ അന്വേഷണ കമ്മീഷന്റെ അന്വേഷണ വിഷയങ്ങൾ പുതുക്കിയിട്ടില്ല.

(ഡി) ജസ്റ്റീസ് ജി. ശിവരാജൻ അന്വേഷണ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിൽ സോളാർ തട്ടിപ്പും അനുബന്ധ സാമ്പത്തിക ഇടപാടുകളും സംബന്ധിച്ച് കേരള നിയമസഭയിലും പുറത്തും ഉന്നയിക്കപ്പെട്ടിട്ടുള്ള എല്ലാ ആരോപണങ്ങളും ഉൾപ്പെടുത്തിയിരുന്നു. ടേംസ് ഓഫ് റഫറൻസിൽ പുതിയ വിഷയങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

ബാർ കോഴ ഇടപാട്

5 (*5) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ബാർ കോഴ ഇടപാട് അന്വേഷിക്കാൻ പോലീസ് ഉന്നതതലത്തിൽ പ്രത്യേക അന്വേഷണ സംഘം രൂപീകരിക്കണമെന്ന ആവശ്യം സർക്കാർ പരിഗണിച്ചിട്ടുണ്ടോ ; ധനകാര്യ മന്ത്രി കെ.എം. മാണിക്ക് ബാറുടമകൾ ഒരു കോടി രൂപ നൽകിയതായുള്ള ബാർ അസോസിയേഷൻ വർക്കിംഗ് പ്രസിഡന്റ് ബിജു രമേശിന്റെ വെളിപ്പെടുത്തലിനെ തുടർന്ന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ; ആരോപണ വിധേയനായ മന്ത്രിയിൽ നിന്ന് അന്വേഷണ സംഘം മൊഴി എടുത്തിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) ബാർ കോഴ ഇടപാടിൽ ആരോപണ വിധേയരായിട്ടുള്ള മറ്റുള്ളവർ ആരൊക്കെയാണ് ; ആരോപണത്തിന്റെ ഉള്ളടക്കത്തിൽ കുറ്റകൃത്യം അടങ്ങിയിട്ടുള്ളതായി വിലയിരുത്തിയിട്ടുണ്ടോ ; നയപരമായ തീരുമാനം കൈക്കൊള്ളേണ്ട പ്രശ്നത്തിൽ വകുപ്പ് മന്ത്രിയും മുഖ്യമന്ത്രിയും അറിയാതെ ഇത്തരമൊരു ഇടപാട് നടക്കുകയില്ലെന്ന ആക്ഷേപത്തെക്കുറിച്ച് സർക്കാർ നിലപാട് വ്യക്തമാക്കാമോ ;

(സി) അടച്ചുപൂട്ടിയ ഓരോ ബാറിന്റെയും ഉടമകളിൽനിന്നും മന്ത്രിമാർ ഉൾപ്പെടെയുള്ളവർക്ക് നൽകാൻ പിരിച്ചെടുത്തതായി ആരോപിക്കപ്പെട്ട തുക എത്രയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ ;

(ഡി) അന്വേഷണ ഉദ്യോഗസ്ഥന്മാർ അന്വേഷണം നേരിടുന്നവരുടെ ഭരണ നിർവ്വഹണത്തിൻ കീഴിലുള്ളവരായതിനാൽ, ഉന്നതതലത്തിലുള്ള പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിക്കാനും, അവരുടെ അന്വേഷണം ശരിയായ ദിശയിൽ ഉറപ്പാക്കാനും സർക്കാർ തയ്യാറാകുമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല):

(എ) ബാർ കോഴ ഇടപാട് അന്വേഷിക്കുവാൻ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ ദക്ഷിണമേഖലാ പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ഒരു പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ചിട്ടുണ്ട്. ധനകാര്യ മന്ത്രി ശ്രീ. കെ. എം. മാണിക്കെതിരെ ഉള്ള അരോപണത്തിൽ വിജിലൻസ് ആന്റ് അന്റി കറപ്ഷൻ ബ്യൂറോയുടെ ദക്ഷിണമേഖലാ ഓഫീസിൽ 4-11-2014 തീയതിയിൽ 14/2014 എസ്.ആർ.റ്റി. നമ്പരായി ഒരു സത്വരാന്വേഷണം ആരംഭിച്ചിട്ടുണ്ട്. അന്വേഷണ സംഘം ആരോപണവിധേയനായ മന്ത്രിയിൽ നിന്നും മൊഴിയെടുത്തിട്ടുണ്ട്. അന്വേഷണം പുരോഗമിച്ചുവരുന്നു.

(ബി) മറ്റുള്ളവർക്കെതിരെ ആരോപണം ഉന്നയിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സത്വരാന്വേഷണം പുരോഗമിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വിജിലൻസ് ഉദ്യോഗസ്ഥൻമാർക്ക് കേസ് അന്വേഷണം/വിജിലൻസ് അന്വേഷണം/സത്വരാന്വേഷണം എന്നിവ നടത്തുന്നതിന് പൂർണ്ണ സ്വാതന്ത്യം നൽകിയിട്ടുണ്ട്. വിജിലൻസ് സത്യസന്ധമായും കാര്യക്ഷമമായും ആണ് അന്വേഷണം നടത്തുന്നത്. വിജിലൻസ് അതിന്റെ നിയമപരമായ കടമ നിറവേറ്റുന്നതിൽ മറ്റു പരിഗണനകൾക്കൊന്നും യാതൊരു സ്ഥാനവുമില്ല.

ഇന്നൊവേഷൻ കൗൺസിലിന്റെ ഘടനയും പ്രവർത്തനവും

6 (*6) ശ്രീ. പി. ഉബൈദുള്ള :

ശ്രീ. എൻ. എ. നെല്ലിക്കുന്ന് :

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :

ശ്രീ. റ്റി. എ. അഹമ്മദ് കബീർ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രൂപീകരിച്ച ഇന്നൊവേഷൻ കൗൺസിലിന്റെ ഘടന വ്യക്തമാക്കുമോ ;

(ബി) 2013-ൽ രൂപീകൃതമായ കൗൺസിൽ ഇതേവരെ എത്ര യോഗങ്ങൾ ചേർന്നിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(സി) കേന്ദ്ര ഇന്നൊവേഷൻ കൗൺസിലിന്റെ ഘടനയുമായി സംസ്ഥാന ഇന്നൊവേഷൻ കൗൺസിലിന് സാമ്യമുണ്ടോ എന്നും സംസ്ഥാന കൗൺസിൽ ഇതഃപര്യന്തം ഏതൊക്കെ വിഷയങ്ങൾ പരിഗണിച്ച് തീരുമാനത്തിലെത്തിയിട്ടുണ്ട് എന്നത് സംബന്ധിച്ചുമുള്ള വിശദവിവരം നല്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി):

(എ) സ.ഉ. (ആർറ്റി.) നമ്പർ 272/13/പ്ലാനിംഗ് തീയതി 8-7-2013 പ്രകാരം ശ്രീ. കെ. ജോസ് സിറിയക് ഐ.എ.എസ്., ചീഫ് സെക്രട്ടറി (റിട്ടയേർഡ്) ചെയർമാനായി കേരള സ്റ്റേറ്റ് ഇന്നൊവേഷൻ കൗൺസിൽ രൂപീകരിച്ചു. തുടർന്ന് സ.ഉ. (എംഎസ്.) നമ്പർ 37/2014/ പ്ലാനിംഗ് തീയതി 14-8-2014 പ്രകാരം 19 അംഗങ്ങളെ കൂടി കൗൺസിലിലേയ്ക്ക് നാമനിർദ്ദേശം ചെയ്യുകയുണ്ടായി. പ്രസ്തുത സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

(ബി) 14-8-2014-ലെ സർക്കാർ ഉത്തരവിലൂടെ 19 അംഗങ്ങളെ നാമനിർദ്ദേശം ചെയ്തതിനുശേഷം കൗൺസിലിന്റെ ആദ്യ മീറ്റിംഗ് 1-10-2014-ൽ ചേരുകയുണ്ടായി.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly